# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 4–ാം തീയതി വ്യാഴാഴ്ച

(ആകെ ചോദ്യങ്ങൾ – 21)

**(311) ഡബ്ല്യു. ടി. ഒ. സമിതിയുടെ രൂപീകരണം**
**(312) ഭക്ഷ്യ സാധനങ്ങൾക്കുള്ള സബ്സിഡി**
**(313) ഭക്ഷ്യ-ധാന്യസംഭരണം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പുതിയ നയം**
**(314) കേന്ദ്രത്തിൽ നിന്നും റബ്ബർ കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ**
**(315) 'എൻഡോസൾഫാൻ' എന്ന കീടനാശിനിയുടെ നിരോധനം പിൻവലിച്ച നടപടി**
**(316) കാലാവധി കഴിഞ്ഞ മരുന്നുകൾ റീപാക്ക് ചെയ്ത് വിതരണം ചെയ്ത നടപടി**
**(317) മിൽമയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ**
**(318) ശബരിമലയിൽ തീർത്ഥാടകർക്ക് സൗകര്യമൊരുക്കുന്നതിന് വനഭൂമി ലഭ്യമാക്കാൻ നടപടി**
**(319) പ്രാഥമിക പാൽ സഹകരണസംഘങ്ങളുടെ ഉൽപ്പന്നങ്ങൾ**
**(320) കാവുകളുടെ സംരക്ഷണത്തിനുള്ള നടപടി**
**(321) വന്യജീവികളുടെ സെൻസസ്**
**(322) സ്മാരകങ്ങൾക്കും സാംസ്ക്കാരിക സ്ഥാപനങ്ങൾക്കും ധനസഹായം നൽകുന്നത് സംബന്ധിച്ച് പഠിച്ച് ശുപാർശ ചെയ്യാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട്**
**(323) ഭൂനികുതി നിരക്കുകളെ സംബന്ധിച്ച പഠനം**
**(324) കാർഷികോൽപ്പന്നങ്ങളെ പർച്ചേസ് ടാക്സിൽനിന്ന് ഒഴിവാക്കാൻ നടപടി**
**(325) ഇഞ്ചിയുടെ പർച്ചേസ് ടാക്സ് പിൻവലിക്കാൻ നടപടി**
**(326) പ്രവേശന നികുതി നൽകാതെ സാധനങ്ങൾ കടത്തിക്കൊണ്ടു വരുന്നതു തടയാൻ നടപടി**
**(327) കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും**
**(328) വനനശീകരണവും വനേതര പ്രവർത്തനങ്ങളും തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ**
**(329) മിൽമ വിതരണം ചെയ്യുന്ന പാൽ**
**(330) മുൻഗണനാ മേഖലകളിലേക്ക് ധനകാര്യസ്ഥാപനങ്ങളിൽനിന്ന് സാമ്പത്തികസഹായം ലഭ്യമാക്കാൻ നടപടി**
**(331) ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

### ഡബ്ല്യു. ടി. ഒ. സമിതിയുടെ രൂപീകരണം

311. ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഡബ്ല്യു. ടി. ഒ. സമിതി രൂപീകരിച്ചിട്ടുണ്ടോ; ഈ സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ്; ഈ സമിതിയുടെ ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും എന്തെല്ലാം ആണെന്ന് വ്യക്തമാക്കാമോ;

(ബി) ലോകവാണിജ്യ കരാർമൂലം നമ്മുടെ കാർഷികോൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര മാർക്കറ്റിൽ ഫലപ്രദമായി മൽസരിക്കുന്നതിന് ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ദൂരീകരിക്കുവാൻ ഈ സമിതി എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. കെ. ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):–**

(എ) ഉണ്ട്. സംസ്ഥാനത്ത് ഡബ്ല്യു. ടി. ഒ. കരാറനുസരിച്ച് കേരളത്തിന്റെ കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ളതും ഭാവിയിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ളതുമായ വിവിധ കാര്യങ്ങൾ പഠിക്കുന്നതിനായി പ്രമുഖ കാർഷിക ശാസ്ത്രജ്ഞനായ പ്രൊഫ. എം.

എസ്. സ്വമിനാഥൻ ചെയർമാനായി ഒരു സമിതി രൂപികരിച്ചിട്ടുണ്ട്. ഈ സമിതിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

1. പ്രൊഫ. എം. എസ്. സ്വമിനാഥൻ – ചെയർമാൻ
2. ഡോ. കെ. എൻ. ശ്യാമസുന്ദരൻ – വൈസ് ചെയർമാൻ (കാർഷിക സർവ്വകലാശാല മുൻ വൈസ് ചാൻസലർ)
3. ഡോ. പി. കെ. വാര്യർ – മെമ്പർ (കോട്ടയ്ക്കൽ ആര്യവൈദ്യശാല കോട്ടയ്ക്കൽ)
4. ഡോ. പാർവ്വതി മേനോൻ – മെമ്പർ (ഫ്രണ്ട് ലൈൻ, കറസ്പോൺടന്റ് ബാംഗ്ളൂർ)
5. ഡോ. കെ. പി. പ്രഭാകരൻ നായർ – മെമ്പർ (അക്ഷയ, ഈസ്റ്റ്ഹിൽ, കോഴിക്കോട്)
6. ശ്രീ. ആർ. കെ. കൃഷ്ണകുമാർ – മെമ്പർ (മനേജിംഗ് ഡയറക്ടർ, ടാജ് ഗ്രീപ്പ് ഓഫ് ഹോട്ടൽസ്, ബോംബേ)
7. ശ്രീ. കെ. ജെ. ജോസഫ് – മെമ്പർ (സെക്രട്ടറി, അസോസിയേഷൻ ഓഫ് പ്ളാന്റേഴ്സ്, എറണാകുളം)
8. ഡോ. ജോൺ. കുര്യൻ – മെമ്പർ (അസോസിയേറ്റ് ഫെലോ, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്)
9. ഡോ. കെ. വി. പീറ്റർ – മെമ്പർ (വൈസ് ചാൻസലർ, കേരള കാർഷിക സർവ്വകലാശാല)
10. കാർഷികോൽപ്പാദന കമ്മീഷണർ – മെമ്പർ സെക്രട്ടറി (കേരളം)

കമ്മീഷന്റെ കർത്തവ്യങ്ങളും ചുമതലകളും ഇനി പറയുന്നവയാണ്.

1. കേരളത്തിന്റെ കാർഷിക മേഖലയിൽ ലോകവ്യാപാര കരാറിന്റെ പ്രഭാവം വിശകലനം ചെയ്യുക.
2. കാർഷിക – അനുബന്ധ ഉൽപ്പന്നങ്ങളുടെ കയറുമതി ബാദ്ധ്യതകളും പരിമിതികളും സംബന്ധിച്ച് പര്യവേഷണം നടത്തുകയും കയറ്റുമതി ഗണ്യമായതോതിൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക.
3. അന്താരാഷ്ട്ര വിപണിയിൽ മാത്സര്യത്തിന് പ്രാപ്തമാക്കും വിധം സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ ഗുണമേന്മ ഉയർത്തുന്നതിനും ഉൽപ്പാദനചെലവു കുറയുക്കുന്നതിനും വിവിധ തലങ്ങളിലാവശ്യമായ നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുക.
4. ശുചിയായ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ മാത്രം ഇറക്കുമതിയോ കയറ്റുമതിയോ ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക.
5. കർഷകരുടെ വരുമാനവും സംസ്ഥാനത്തിന്റെ റവന്യുവും ഗണ്യമായി വർദ്ധിപ്പിക്കാൻ കയറ്റുമതി ചെയ്യാവുന്ന കാർഷിക വിളകളും അനുബന്ധ ഉൽപ്പന്നങ്ങളും അവയുടെ ഉപ ഉൽപ്പന്നങ്ങളും തിരഞ്ഞെടുത്ത് അവയ്ക്ക് മുൻഗണനാക്രമം നിശ്ചയിക്കുക.
6. കർഷകർക്ക് പ്രത്യേക താൽപര്യമുള്ള ബൗദ്ധിക സ്വത്തവകാശ നടപടികൾ നിർദ്ദേശിക്കുക. (Intellectual Property Rights)

(ബി) സമിതി അതിന്റെ റിപ്പോർട്ട് നൽകിയിട്ടില്ല. എന്നാൽ സമിതി നടത്തിയ ചർച്ചകളിൽ ഉരുത്തിരിഞ്ഞ താഴെ പറയുന്ന നിർദ്ദേശങ്ങൾ സർക്കാരിലേയ്ക്ക് അയച്ചു തന്നിട്ടുണ്ട്.

1. പ്ളാന്റേഷനുകൾ അടച്ചു പൂട്ടുന്നത് ഒഴിവാക്കാൻ ആവശ്യമായ സപ്പോർട്ട് നൽകുക
2. റബ്ബർ, നാളികേരം തുടങ്ങിയ ഉൽപ്പന്നങ്ങളെ വിലത്തകർച്ചിയിൽ നിന്നും കരകയറ്റാൻ ഇവ കയറ്റുമതി ചെയ്യുന്നതിന് ബഡ്ജറ്റ് സപ്പോർട്ട് നൽകുക.
3. നാളികേര വികസനത്തിന് സമഗ്ര പദ്ധതി തയ്യാറാക്കുക, ഇതിൽ ഉൽപ്പാദന വൈവിധ്യവൽക്കരണത്തിനും മൂല്യവർദ്ധിത സംസ്കരണത്തിനും പ്രാധാന്യം നൽകുക, നാഷണൽ ടെക്നോളജി മിഷനിൽപ്പെടുത്തി കർഷകരുടെ കൂട്ടായ്മയിൽ പദ്ധതികൾ നടപ്പാക്കുക.
4. ഗ്രീൻഹെൽത്ത് ടൂറിസത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഔഷധ സസ്യങ്ങൾ നട്ടുവളർത്തുന്നതിനും സംസ്കരിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക. അതിന്റെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും ഔഷധ സസ്യസംരക്ഷകരും സൂക്ഷിപ്പുകാരുമായ ആദിവാസികളുടെ ക്ഷേമം ഉറപ്പാക്കുകയും ചെയ്യുക.

## <u>ഭക്ഷ്യ സാധനങ്ങൾക്കുള്ള സബ്സിഡി</u>

312. ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. വി. ചന്ദ്രാമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് കേന്ദ്രം നൽകിവന്നിരുന്ന സബ്സിഡി നിർത്തലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് സബ്സിഡി നിർത്തലാക്കിയതെന്ന് പറയാമോ;

(സി) കേന്ദ്ര സബ്സിഡി നിർത്തലാക്കിയതിനെതുടർന്ന് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) മുൻസർക്കാർ സബ്സിഡി നൽകി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിരുന്നോ;

(ഇ) എങ്കിൽ ഇതിനായി 2000–01, 2001–02 വർഷങ്ങളിൽ സബ്സിഡിയായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ;

(എഫ്) സംസ്ഥാനത്തെ റേഷൻകടകളിൽക്കൂടി വിതരണം ചെയ്യുന്ന അരിക്ക് ഇപ്പോൾ സബ്സിഡി നൽകുന്നുണ്ടോ;

(ജി) ദാരിദ്ര്യരേഖയ്ക്ക് മുകളിലും താഴെയും ഉള്ളവർക്ക് എന്തു വിലയ്ക്കാണ് റേഷനരി നൽകുന്നത്; റേഷൻകടകളിൽക്കൂടി വിതരണം ചെയ്യുന്ന അരിയുടെ വില കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി):-**

(എ) സബ്സിഡൈസ്ഡ് റേറ്റിലാണ് കേന്ദ്രം ഭക്ഷ്യസാധനങ്ങൾ സംസ്ഥാനത്തിന് തരുന്നത്. അത് ഇപ്പോഴും തുടർന്ന് വരുന്നു

(ബി)യും (സി)യും (ഡി)യും (എഫ്)ഉം

കേന്ദ്രസർക്കാർ APL അരിയുടെ വില 9.60 രൂപ ആയിരുന്നപ്പോൾ 27–07–2002 മുതൽ അത് 11.90 രൂപയാക്കി ഉയർത്തി. APL അരി 10 രൂപയ്ക്ക് വിൽക്കണം എന്ന സംസ്ഥാന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1.90 രൂപ ഒരു കിലോഗ്രാം അരിക്ക് സബ്സിഡി അനുവദിച്ചു. എന്നാൽ 1–7–2001 മുതൽ കേന്ദ്രം APL അരിയുടെ വില 8.90 രൂപയാക്കി കുറച്ചതിനെതുടർന്ന് മുൻതീരുമാനത്തിന്റെ പ്രസക്തി ഇല്ലാതായി. 2001 ജൂലായ് ഒന്നുവരെ മുൻസർക്കാരും ഈ സർക്കാരും സബ്സിഡി തുടർന്നിരുന്നു. 1–4–2002 മുതൽ APL അരിയുടെ വില 7.90 രൂപയാക്കി കേന്ദ്ര സർക്കാർ നിശ്ചയിച്ചു. ആയതിനാൽ സബ്സിഡി കൂടാതെ തന്നെ APL അരിയുടെ വില മാർക്കറ്റ് റേറ്റിനേക്കാൾ വളരെ താഴെയാണ്.

(ഇ) 2000–01 സാമ്പത്തിക വർഷത്തിൽ 34.50 കോടി രൂപയും 2001–2002 സാമ്പത്തിക വർഷത്തിൽ 2001 ഏപ്രിൽ മാസം മുതൽ ജൂലൈ മാസം വരെ (4 മാസം) 4 കോടി രൂപയും സബ്സിഡി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

(ജി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് കിലോഗ്രാമിന് 7 രൂപ 90 പൈസയും ദാരിദ്ര്യരേഖയക്ക് താഴെയുള്ളവർക്ക് കിലോഗ്രാമിന് 6 രൂപ 20 പൈസയുമാണ് റേഷനരിയുടെ 2002 ഏപ്രിൽ മാസം മുതൽ പ്രാബല്യത്തിലുള്ള വില. റേഷൻ അരിയുടെ അടിസ്ഥാന വില നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

## ഭക്ഷ്യ-ധാന്യസംഭരണം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പുതിയ നയം

313. ശ്രീ. ബിനോയ് വിശ്വം :
ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ-ധാന്യസംഭരണം സംബന്ധിച്ച് കേന്ദ്ര സർക്കാർ അവലംബിക്കുന്ന പുതിയ നയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്ര സർക്കാരിന്റെ നയസമീപനങ്ങൾ കേരളത്തിലെ സാർവത്രിക റേഷനിംഗിനെ പ്രതികൂലമായി ബാധിക്കുമോ;

(സി) സാർവത്രിക റേഷനിംഗ് നിലനിർത്താൻ എന്തെല്ലാം നടപടികളാണ് കേരള ഗവൺമെന്റ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) യും (സി)യും പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങൾ അതത് സംസ്ഥാനങ്ങൾ തന്നെ നേരിട്ട് വാങ്ങണമെന്ന കേന്ദ്ര നിർദ്ദേശം ഭക്ഷ്യ ധാന്യങ്ങളുടെ പൊതുവിതരണത്തെ ദോഷകരമായി ബാധിക്കും. അവശ്യ വസ്തുക്കളുടെ കടത്ത് സംബന്ധിച്ച് 21-5-2002-ൽ പ്രധാനമന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ കേന്ദ്ര സർക്കാർ നടത്തിയ മുഖ്യമന്ത്രിമാരുടെ അഖിലേന്ത്യാ സമ്മേളനത്തിൽ കേരളാ മുഖ്യമന്ത്രി കേരളത്തിൽ നിലനിൽക്കുന്ന റേഷനിംഗ് സമ്പ്രദായം മാറ്റമില്ലാതെ തുടരണമെന്ന് അവശ്യപ്പെടുകയുണ്ടായി. 23-3-02 ൽ ചേർന്ന കേന്ദ്ര മന്ത്രിമാരുടെയും, മുഖ്യമന്ത്രിമാരുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 4-ാമത് യോഗത്തിൽ പങ്കെടുത്ത ഭക്ഷ്യ, സാംസ്കാരിക, ദേവസ്വം വകുപ്പ് മന്ത്രിയും ഇക്കാര്യം ശക്തമായി അവതരിപ്പിക്കുകയുണ്ടായി. കൂടാതെ 8-10-2001-ൽ മുഖ്യമന്ത്രിയും, 30-10-2001-ൽ ഭക്ഷ്യമന്ത്രിയും, 9-01-02-ൽ വീണ്ടും മുഖ്യമന്ത്രിയും കേന്ദ്രസർക്കാരിന് ഇക്കാര്യത്തിലുള്ള കേരളത്തിന്റെ നിലപാട് വ്യക്തമാക്കിക്കൊണ്ട് കത്തുകളും അയയ്ക്കുകയുണ്ടായി. ഇതിന്റെ ഫലമായി സംസ്ഥാന സർക്കാരുകൾ വികേന്ദ്രീകൃത സംഭരണത്തിന് തയ്യാറാകുന്നതുവരെ ഇപ്പോഴത്തെ നിലതന്നെ തുടരുമെന്നും, സംസ്ഥാന താൽപര്യങ്ങൾക്കെതിരായി വികേന്ദ്രീകൃത സംഭരണം അടിച്ചേൽപ്പിക്കയില്ലെന്നും കേന്ദ്രം ഉറപ്പു നൽകിയിട്ടുണ്ട്.

## കേന്ദ്രത്തിൽ നിന്നും റബ്ബർ കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

314. ശ്രീ. എൻ. ശക്തൻ :

ശ്രീ. ടി. എച്ച്. മുസ്തഫ :

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കേന്ദ്ര ഗവൺമെന്റോ അവരുടെ അംഗീകൃത ഏജന്റോ റബ്ബർ സംഭരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രത്തിൽ നിന്നും റബ്ബർ കർഷകർക്കുവേണ്ടി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. കെ. ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) കേന്ദ്രസർക്കാർ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ മുഖേന 20000 മെട്രിക്ടൺ റബ്ബർ സംഭരിച്ച് അഡ്വാൻസ് ലൈസൻസ് ഉള്ളവർക്ക് ഡീംഡ് എക്സപോർട്ട് ആയി കണക്കാക്കി സപ്ളൈ ചെയ്യുന്നതിനു ഉദ്ദേശിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ വിഹിതം കൊടുക്കാത്തതിന്റെ പേരിൽ നടപ്പായില്ല.

(ബി) കേന്ദ്ര സർക്കാർ താഴെ പ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. റബ്ബർമാർക്ക് മുഖേന 20000 ടൺ സ്വാഭാവിക റബർ കയറ്റുമതി ചെയ്യുന്നതിനു കേന്ദ്ര ഗവൺമെന്റ് സബ്സിഡി കൊടുക്കാമെന്നെറ്റതിന്റെ പേരിൽ റബ്ബർമാർക്ക് കയറ്റുമതി നടത്തുന്നു.
2. റബ്ബർ ബോർഡിന്റെയും റബ്ബർ ഉൽപ്പാദക സംഘങ്ങളുടെയും യോജിച്ച ആഭിമുഖ്യത്തിലുള്ള് കടച്ചവട, സംസ്ക്കരണ യൂണിറ്റുകൾക്ക് കൈകാര്യ ചെലവ് നൽകുന്നതിനു 1.5 കോടിരൂപയുടെ ഒരു പദ്ധതി നടപ്പാക്കി.
3. റോഡ് റബ്ബറൈസേഷൻ വൈവിധ്യവൽകൃത ഉപയോഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
4. അഡ്വാൻസ് ലൈസൻസിൻമേൽ സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നതു തടഞ്ഞു.
5. സ്വഭാവിക റബ്ബർ ഇറക്കുമതിചെയ്യുന്നവർ റബ്ബർ ബോർഡിൽ രജിസ്റ്റർ ചെയ്യുന്നത് നിർബന്ധിതമാക്കി.
6. വിശാഖപട്ടണം, കൊൽക്കത്ത തുറമുഖങ്ങൾ വഴി മാത്രം സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിജപ്പെടുത്തി
7. ഇറക്കുമതി ചെയ്യുന്ന റബ്ബറിന്റെ ഗുണമേന്മ ബി.ഐ.എസ്. നിലവാരമുള്ളതായിരിക്കണമെന്ന് നിശ്കർഷിച്ചു.
8. കയറ്റുമതി ചെയ്യുന്ന റബറിനു 3.50 രൂപാ എക്സ്പോർട്ട് സബ്സിഡി അനുവദിച്ചു.

## 'എൻഡോസൾഫാൻ' എന്ന കീടനാശിനിയുടെ നിരോധനം പിൻവലിച്ച നടപടി

315. ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ നിരോധനം സർക്കാർ പിൻവലിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിരോധനം പിൻവലിക്കാനുള്ള കാരണം വ്യക്തം ആക്കുമോ;

(സി) എൻഡോസൾഫാനിന്റെ ഉപയോഗത്തെക്കുറിച്ച് വിദഗദ്ധ സമിതി പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) എൻഡോസൾഫാൻ എന്ന കീടനാശിനി കൃഷി വകുപ്പ് സബ്സിഡി നൽകി വിതരണം ചെയ്യുന്നുണ്ടോ;

(എഫ്) ഇതു സംബന്ധിച്ച് ഡോക്ടർ അച്യുതൻ കമ്മിറ്റിയുടേയും നിയമസഭാ കമ്മിറ്റിയടേയും ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ജി) എൻഡോസൾഫാൻ തളിക്കുന്നതുമൂലം ജനങ്ങൾക്ക് അർബുദവും മനോരോഗവും ബുദ്ധിമാന്ദ്യവും അപസ്മാരവും പിടിപെടുന്നവിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കീടനാശിനിയുടെ നിരോധനം പിൻവലിച്ച നപടി പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

**ഉത്തരം**

**ശ്രീ. കെ. ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) പിൻവലിച്ചിട്ടുണ്ട്.

(ബി) 1968-ലെ കീടനാശിനി ആക്ടിലെ സെക്ഷൻ 27 പ്രകാരം 90 ദിവസത്തേക്കു മാത്രമേ കീടനാശിനി തളിക്കുന്നത് നിരോധിക്കാൻ സംസ്ഥാന സർക്കാരിനാവകാശമുള്ളു. എൻഡോസൾഫാൻ നിരോധിക്കാനുള്ള അവകാശം സെൻട്രൽ ഗവൺമെന്റിനാണ്. 23-8-2001-ൽ ഏർപ്പെടുത്തിയ താൽക്കാലിക നിരോധനം പെസ്റ്റിസൈഡ് ആക്ട് സെക്ഷൻ 27 ന്റെ അധികാരപരിധി വച്ചുകൊണ്ടാണ്. എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ പ്രയോഗം മനുഷ്യനിലും, പരിസ്ഥിതിക്കും ഉണ്ടാക്കുന്ന വിപരീത ഫലങ്ങളെക്കുറിച്ച് സമഗ്രമായി പഠിക്കുവാൻ രൂപീകരിച്ച പ്രശസ്ത ശാസ്ത്രജ്ഞനായ ഡോ. അച്ചുതൻ ചെയർമാനായ അഞ്ചംഗ കമ്മിറ്റിയുടെ റിപ്പോർട്ടും, കേരള കാർഷിക സർവ്വകലാശാല സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ചശേഷം മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എൻഡോസൾഫാന്റെ താല്ക്കാലിത നിരോധനം പിൻവലിച്ചത്.

(സി) ഉണ്ട്.

(ഡി) ഡോ. എ. അച്ചുതൻ അദ്ധ്യക്ഷനായും സംസ്ഥാന കൃഷിവകുപ്പ് ഡയറക്ടർ കൺവീനറായും സർക്കാർ രൂപീകരിച്ച അഞ്ചംഗകമ്മിറ്റി കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ എൻഡോസൾഫാൻ കീടനാശിനി പ്രയോഗത്തെകുറിച്ച് സമഗ്രമായ പഠനം നടത്തി താഴെപ്പറയുന്ന ശുപാർശകൾ മുന്നോട്ടു വയ്ക്കുകയുണ്ടായി.

1. പ്ളാന്റേഷൻ കോർപ്പറേഷന്റെ എല്ലാ കശുമാവ് തോട്ടങ്ങളിലും അന്തരീക്ഷ മാർഗ്ഗേനയുള്ള എല്ലാ കീടനാശിനി പ്രയോഗവും നിരോധിക്കുക.
2. കാസർകോട്ടു ജില്ലയിലുള്ള പ്ളാന്റേഷൻ കോർപ്പറേഷന്റെ എല്ലാ കശുമാവ് തോട്ടങ്ങളിലും 5 വർഷത്തേയ്ക്ക് എൻഡോസൾഫാൻ പ്രയോഗം മരവിപ്പിക്കുക.
3. പെരിയാർ ഡിവിഷനിലുള്ള കശുമാവ് തോട്ടങ്ങളിൽ 5 വർഷത്തേയ്ക്ക് എല്ലാവിധ കീടനാശിനിപ്രയോഗങ്ങൾക്കും പൂർണ്ണ അവധി നൽക്കുക.
4. പ്ളാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ കാസർകോട്ടുള്ള മറ്റു കശുമാവ് തോട്ടങ്ങളിൽ ആവശ്യകത തിട്ടപ്പെടുത്തിമാത്രം തറയിൽ നിന്നുള്ള കീടനാശിനി പ്രയോഗം പ്ളാന്റേഷൻ കോർപ്പറേഷൻ, കാർഷിക സർവ്വകലാശാല എന്നിവയിലെ വിദഗ്ധരുടെ സാങ്കേതിക സഹായത്തോടെ പ്രാവർത്തികമാക്കുക.
5. പ്ളാന്റേഷൻ കോർപ്പറേഷനിലെ കീടനാശിനിപ്രയോഗവും മറ്റു സസ്യസംരക്ഷണ മാർഗ്ഗങ്ങളും ശാസ്ത്രീയമായി ചിട്ടപ്പെടുത്തുക.
6. സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ഗവേഷണം ത്വരിതപ്പെചടുത്തുക

7. തേയില കൊതുകിനെതിരെ പ്രതിരോധശേഷിയുള്ള കശുമാവിനങ്ങൾ ഗവേഷണം നടത്തി ഉല്പാദിപ്പിക്കുക.
8. പ്ളാന്റേഷൻ കോർപ്പറേഷന്റെ പരിസരത്തുള്ള ജനങ്ങൾ അഭിമുഖീകരിക്കുന്ന അസാധാരണങ്ങളായ ആരോഗ്യപ്രശ്നങ്ങളെ അടിസ്ഥാനപ്പടുത്തി ഒരു വിശദമായ ആരോഗ്യ സർവ്വേ നടത്തുക, പ്ളാന്റേഷൻ തൊഴിലാളികളെയും സർവ്വേയ്ക്കുള്ളിൽപ്പെടുത്തുക.
9. അനാരോഗ്യം അനുവഭിക്കുന്നവർ പാവപ്പെട്ട ജനവിഭാഗമായതിനാൽ അവർക്കാവശ്യമായ പ്രത്യേക വൈദ്യസഹായം സർക്കാർ അനുവദിക്കുക
10. കീടനാശിനികളെയും അവയുടെ പ്രയോഗത്തെക്കുറിച്ചും പ്രദേശവാസികളെ ബോധവാൻമാരാക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൽ നടപ്പിലാക്കുക.

(ഇ) ഇല്ല.

(എഫ്) നിയമസഭാ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

1. കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി കണക്കിലേടുത്ത് എൻഡോസൾഫാൻ ഏര്യൽ സ്പ്രേ നടത്തുന്നതിനുള്ള പ്ളാന്റേഷൻ കോർപ്പറേഷൻ ഏര്യായിൽ പാടില്ല എന്നു തീരുമാനിച്ചിട്ടുണ്ട്.
2. പ്ളാന്റേഷൻ കോർപ്പറേഷന്റെ പെരിയ ഡിവിഷൻ (പാദ്രേ, മൂളിയാൻ വില്ലേജുകൾ) 5 വർഷത്തേയ്ക്ക് കശുമാവ് തോട്ടത്തിൽ യാതോരു വിധ കീടനാശിനിയും പ്രയോഗിക്കുന്നതല്ല.
3. കേരള കാർഷിക സർവ്വകലാശാലയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിധേയമായി പ്ളാന്റേഷൻ കോർപ്പറേഷന്റെ കശുമാവ് തോട്ടങ്ങളിൽ ഭൗമതലത്തിൽനിന്നുമാത്രമേ കീടനാശിനി തളിക്കുകയുള്ളൂ.
4. കേരള പ്ളാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള കശുമാവ് തോട്ടങ്ങളിൽ നടത്തുന്ന കീടനാശിനിപ്രയോഗം കേരള സർവ്വകലാശാലയുടെയും പ്ളാന്റേഷൻ കോർപ്പറേഷന്റെയും സംയുക്ത വിദഗ്ദ്ധ ഗ്രൂപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലായിരിക്കും നടത്തുന്നത്.
5. പരിസ്ഥിതിക്ക് അനുകൂലമായ സസ്യസംരക്ഷണ മുറകൾക്ക് രൂപം നൽകുക, കീടനാശിനി പൂർണ്ണായി ഒഴിവാക്കിയാലുള്ള സ്ഥിതിഗതി വിലയിരുത്തുക, പ്രശ്ന മേഖലയ്ക്ക് അനുയോജ്യമായ കശുമാവിനങ്ങളും സംകേതങ്ങളും വികസിപ്പിച്ചെടുക്കുക എന്നീ ലക്ഷ്യങ്ങൾവച്ച് പ്ളാന്റേഷൻ കോർപ്പറേഷന്റെ പരിധിയിൽ പെർല എന്ന സ്ഥലത്ത് കൃഷിവകുപ്പിന്റെ സാംപത്തിക സഹായത്തോടെ കേരള കർഷികസർവ്വകലാശാലയുടെ ഒരു ചെറിയ കശുമാവ് ഗവേഷണ യൂണിറ്റ് സ്ഥാപിക്കുന്നതാണ്.
6. പ്രശ്നബാധിത പ്രദേശങ്ങളിൽ ഒരു ആരോഗ്യസർവ്വേ നടത്തി കഷ്ടതയനുഭവിക്കുന്നവർക്ക് പ്രത്യേകിച്ചും ദാരിദ്ര്യരായവർക്ക് ആരോഗ്യവൈദ്യസഹായം നൽകുന്നതിനുവേണ്ടി ശുപാർശകൾ സർക്കാരിനു സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) ഈ വിഷയത്തിൽ നടത്തിയ നിരവധി പഠനങ്ങളിൽ കാസർകോട് ജില്ലയിലെ ചില പ്രദേശങ്ങളിൽ കണ്ടുവരുന്ന ആരോഗ്യ പ്രശ്നങ്ങൾ ഈ പ്രദേശങ്ങളിൽ എൻഡോസൾഫാൻ ഉപയോഗം കൊണ്ട് സംഭവിച്ചതായി സ്ഥിതീകരിക്കതക്ക തെളിവുകളൊന്നും ലഭിച്ചിട്ടില്ല. റിപ്പോർട്ടിൽ അത് രേഖപ്പെടുത്തിയിട്ടും ഇല്ല.

## <u>കാലാവധി കഴിഞ്ഞ മരുന്നുകൾ റീപാക്ക് ചെയ്ത് വിതരണം ചെയ്ത നടപടി</u>

316. ശ്രീ. യു. സി. രാമൻ :
ശ്രീ. ടി. പി.എം. സാഹിർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവധി കഴിഞ്ഞ മരുന്നുകൾ റീപാക്ക് ചെയ്ത് പുതിയ കാലാവധി കാണിച്ച് വെറ്റിനറി സ്റ്റോറുകളിൽ വിതരണം ചെയ്തതായി കണ്ടുപിടിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുകയ്ക്കുള്ള മരുന്നുകളുടെ തിരിമറിയാണ് കണ്ടുപിടിച്ചിട്ടുള്ളത്;

(സി) ഇതിന് ഉത്തരവാദികളായിട്ടുള്ളവരെ കണ്ടെത്തിയോ;

(ഡി) എങ്കിൽ അവർക്കെതിരെ എന്ത് നടപടിയെടുത്തു;

(ഇ) ഇത്തരം വ്യാജമരുന്നുകൾ വിതരണം ചെയ്യുന്നത് മേലിൽ സംഭവക്കാതിരിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചു?

**<u>ഉത്തരം</u>**

**ശ്രീ. കെ. ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) പതിനെട്ടുലക്ഷം രൂപ വിലയ്ക്കുള്ള മരുന്നകളുടെ തിരിമറിയാണ് കണ്ടുപിടിച്ചത്.

(സി) കണ്ടെത്തി. തിരുവനന്തപുരത്തുള്ള സ്വിസ് അഗ്രോവെറ്റ് എന്ന മരുന്നുവിതരണ ഏജൻസിയാണ് ഇതിനുത്തരവാദി

(ഡി) പ്രസ്തുത മരുന്നുവിതരണ കമ്പനിക്ക് നൽകിയിരുന്ന സ്പളൈ ഓർഡർ റദ്ദുചെയ്തു. കൂടാതെ സംസ്ഥാന ഡ്രഗ്സ് കൺട്രോളർ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) സ്വീസ് അഗ്രോവെറ്റിൽനിന്നോ അവരുമായി ബന്ധപ്പെട്ട് മറ്റ് സ്ഥാപനങ്ങളിൽ നിന്നോ യാതോരു മരുന്നുകളും സ്വീകരിക്കരുതെന്ന് വകുപ്പിലെ ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദ്ദേശം നൽകി. മരുന്നുകൾ സ്റ്റോറുകളിൽ സ്വീകരിക്കുന്ന അവസരത്തിൽ കർശനമായ സൂക്ഷപരിശോധന നടത്തേണ്ടതാണെന്നും നിർദേശം നൽകിയിട്ടുണ്ട്.

## <u>മിൽമയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ</u>

317. ശ്രീ. ഡി. സുഗതൻ :

ശ്രീ. എ. കെ. മണി :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ എന്തെല്ലാം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ ഇറക്കുന്നുണ്ട്; ഇവയ്ക്ക് മെച്ചപ്പെട്ട വിപണി ലഭിക്കുന്നുണ്ടോ;

(ബി) മിൽമയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ മെച്ചപ്പെട്ട വിൽപ്പനയെ ഉദ്ദേശിച്ച് എന്തെല്ലാം സെയിൽസ് പ്രൊമോഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) മിൽമയ്ക്ക് ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം നടത്തുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്?

**<u>ഉത്തരം</u>**

**ശ്രീ. കെ. ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) പാലിനു പുറമേ മൂല്യവർദ്ധിത ഉൽപാദനങ്ങളായി നെയ്യ്, ബട്ടർ, പേഡ, ഐസ്ക്രീം, പ്ളേവേർഡ് മിൽക്ക്, ഡയറിവൈറ്റ്നർ, പനീർ, തൈര്, സംഭാരം, ലസ്സി, മുതലായവ മാർക്കറ്റിൽ വിപണനത്തിനായി ഇറക്കുന്നുണ്ട്, എല്ലാ ഉൽപന്നങ്ങൾക്കും സ്ഥിരവിപണിയുണ്ട്. ഐസ്ക്രീം, പ്ളേവേർഡ് മിൽക്ക്, സംഭാരം, ലസ്സി മുതലായവയ്ക്ക് മഴക്കാലങ്ങളിൽ താരതമ്യേന വിപണി കുറവായി അനുഭവപ്പെടുന്നു.

(ബി) ദൃശ്യശ്രവണ മാദ്ധ്യമങ്ങളിലൂടെയും ഹോർഡിംഗ്, ചുമർപരസ്യങ്ങളിലൂടെയും സെയിൽസ് പ്രമോഷൻ നടത്തുന്നുണ്ട്. എൻ.ഡി.ഡി.ബി.യുടെ ധനസഹായമത്തോടെ 2000-ൽ മിൽമ ബൗണ്ടി എന്ന ഒരു സംസ്ഥാന തല സെയിൽസ് പ്രമോഷൻ പദ്ധതി നടപ്പാക്കി. വില്പന്നകുറവ് അനുഭവപ്പെടുന്ന വേളയിൽ ഓരോ മേഖലാ യൂണിയനും വിവിധ തരം സെയിൽസ് പ്രമോഷൻ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. രാജ്യത്തെ മുഴുവൻ സഹകരണ ക്ഷീര വിപണന ഫെഡറേഷനുകളെ ഒരു ഏകീകൃത സഹകരണ മേഖലയിലെ പാലിന്റെ ഗുണനിലവാര ചിഹനമായ ഒരു തുള്ളി പാൽ എന്ന നിനോണിക്ക് സിംബൽ മിൽമയും സ്വീകരിച്ചിട്ടുണ്ട്., ഏകദേശം 4000 വിപണന ഏജന്റുമാരും 100 -ലധികം മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഹോൾസെയിൽസ് ഏജന്റുമാരും മിൽമയ്ക്കുണ്ട്.

(സി) ഡയറി വൈറ്റനറും ഡിസ്പോസിബിൾ ഗ്ളാസ് ബോട്ടിലിലുള്ള അഞ്ച് രുചികളിൽ ഫ്ളേവേർഡ് പാലും മിൽമ അടുത്ത കാലത്ത് വിപണിയിലിറക്കിയ ഉൽപന്നങ്ങളാണ്. കൂടുതൽ വൈവിദ്ധ്യവൽക്കരണം നടത്തുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

## ശബരിമലയിൽ തീർത്ഥാടകർക്ക് സൗകര്യമൊരുക്കുന്നതിന് വനഭൂമി ലഭ്യമാക്കാൻ നടപടി

318. ശ്രീ. വി.ഡി. സതീശൻ:
ശ്രീ. എം. മുരളി:
ശ്രീമതി. രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ശബരിമലയിൽ തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യം നൽകുന്നതിനുതകുംവിധം വനഭൂമി ഉപയോഗിക്കുവാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വനഭൂമി ഇക്കാര്യത്തിനുവേണ്ടി അനുവദിച്ചു;

(സി) ശബരിമലയുടെ വികസനത്തിന് ഈ ഭൂമി പര്യാപ്തമാണോ; അല്ലാത്തപക്ഷം കൂടുതൽ സ്ഥലം ഉപയോഗിക്കുവാനുള്ള അനുമതി നേടിയെടുക്കുമോ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പു മന്ത്രി):-**

(എ) യും (ബി) യും

ഉണ്ട്. 1980-ലെ കേന്ദ്രവന സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപായി ലഭ്യമാക്കിയ 33.596 ഹെക്ടർ വനഭൂമി കൂടാതെ കേന്ദ്രാനുമതിയോടെ സ്ഥിര ഉപയോഗത്തിനായി 9.5845 ഹെക്ടറും താല്ക്കാലിക ഉപയോഗത്തിനായി 13.21 ഹെക്ടറുമായി ആകെ 22.7945 ഹെക്ടർ വനഭൂമി ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ട്. ഇതുകൂടാതെ ശബരിമലയുമായി ബന്ധപ്പെട്ട മറ്റ് ഏജൻസികൾക്ക് 15.5002 ഹെക്ടർ വനഭൂമിയും ലഭ്യമാക്കിയിട്ടുണ്ട്.

(സി) ശബരിമലയിൽ തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിന് ഒരു ദീർഘകാല പ്ലാൻ പ്രൊ. എൻ. ബാലകൃഷ്ണൻ നായർ തയ്യാറാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം 165.502 ഹെക്ടർ വനഭൂമി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

## പ്രാഥമിക പാൽ സഹകരണസംഘങ്ങളുടെ ഉൽപ്പന്നങ്ങൾ

319. ശ്രീ. എൻ.ഡി. അപ്പച്ചൻ:
ശ്രീ. ടി.യു. രാധാകൃഷ്ണൻ:
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ:
ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഏതെങ്കിലും പ്രാഥമിക പാൽ സഹകരണ സംഘങ്ങൾ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ പാലിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം സഹകരണ സംഘങ്ങൾ എന്നും എന്തെല്ലാം സാധനങ്ങളാണ് അവ ഉൽപ്പാദിപ്പിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ബി) കൂടുതൽ പാൽ സംഭരിക്കുന്ന സഹകരണസംഘങ്ങൾക്ക് മൂല്യവർദ്ധിത പാൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള ട്രെയിനിംഗും സാമ്പത്തിക സഹായവും നൽകുവാനും പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്. സർക്കാരിന് ലഭിച്ച വിവരം പ്രകാരം 152 ഓളം സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

(ബി) പരിശീലനം നൽകുവാൻ പദ്ധതി ഉണ്ട്. സാംപത്തിക സഹായം നൽകുന്ന കാര്യം വ്യക്തമായ പദ്ധതികൾ സംഘങ്ങളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## കാവുകളുടെ സംരക്ഷണത്തിനുള്ള നടപടി

320 ശ്രീ. എ.എൻ. രാജൻ ബാബു:
ശ്രീ. ജോണി നെല്ലൂർ:

ശ്രീ. ഉമേഷ് ചള്ളിയിൽ:

ശ്രീ. കെ.കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിലെ കുട്ടി വനങ്ങളായ കാവുകൾ ക്ഷയിച്ച് ഇല്ലാതാവുകയും വ്യപകമായി വെട്ടിനശിപ്പിക്കപ്പെടുകയും ചെയ്യുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാവുകളുടെ സംരക്ഷണത്തിനായി സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പു മന്ത്രി):-**

(എ) കാവുകൾ വ്യാപകമായി വെട്ടിനശിപ്പിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആവശ്യമായ സംരക്ഷണത്തിന്റെ അഭാവത്തിൽ കാവുകൾ നശിച്ചുപോകാനിടയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഘടകമായ പങ്കാളിത്ത പരിപാലന പദ്ധതിയിൽപ്പെടുത്തി കണ്ണൂർ, ആലപ്പുഴ, തിരുവനന്തപുരം ജില്ലയിലെ ചില കാവുകൾ സംരക്ഷിക്കുന്നതിന് സഹായം നൽകി വരുന്നു. കൂടാതെ കേരളത്തിലെ മറ്റു ജില്ലകളിലുംകൂടി വ്യാപിച്ച് കിടക്കുന്ന 178 ചെറുതും വലുതുമായ കാവുകൾ (മൊത്തം 330.524 ഹെക്ടർ വിസ്തീർണ്ണം) സംരക്ഷിക്കുന്നതിനുള്ള പദ്ധതി സാമൂഹ്യ വനവൽക്കരണ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. ഓരോ കാവുകളേയും സംരക്ഷിക്കുന്നതിനുവേണ്ടി പ്രത്യേകമായി മൈക്രോ പ്ലാൻ തയ്യാറാക്കി ജനപങ്കാളിത്തത്തോടെ സംരക്ഷിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇത് നടപ്പിലാക്കുന്നതിനും പദ്ധതിയുണ്ട്.

(സി) ചോദ്യം (സി) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

**<u>വന്യജീവികളുടെ സെൻസസ്</u>**

321. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

ശ്രീ. പി.ജെ. ജോയി:

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

ശ്രീ. ടി.എച്ച്. മുസ്തഫ:

ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) എല്ലാ വന്യജീവികളുടേയും സെൻസസ് എടുക്കാറുണ്ടോ;

(ബി) ഇല്ലായെങ്കിൽ ഏതെല്ലാം വന്യജീവികളുടെ സെൻസസ് ആണ് എടുക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവും ഒടുവിൽ വന്യജീവി സെൻസസ് എടുത്തതെന്നാണ്;

(ഡി) അതിന്റെ അടിസ്ഥാനത്തിൽ സംരക്ഷിത മൃഗങ്ങൾ വർദ്ധിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പു മന്ത്രി):-**

(എ) ഇല്ല.

(ബി) പ്രധാനമായും താഴെ ചേർക്കുന്ന വന്യജീവികളുടെ സെൻസസാണ് നടത്തി വരുന്നത്.

ആന കടുവ, മ്ലാവ്, പുള്ളിമാൻ, കാട്ടുപോത്ത്, കരിംകുരങ്ങ്, സിംഹവാലൻകുരങ്ങ്, വെള്ളക്കുരങ്ങ്, കാട്ടുപന്നി, മലയണ്ണാൻ, വരയാട്, പുള്ളിപ്പുലി.

(സി) 2002 മേയ് 7,8,9,10 തീയതികളിൽ

(ഡി) ഏറ്റവും ഒടുവിലെ വന്യജിവി കണക്കെടുപ്പിന്റെ വിവരങ്ങൾ കെ.എഫ്.ആർ.ഐ. മുഖേന വിശകലനം ചെയ്തു തീർന്നിട്ടില്ല.

**<u>സ്മാരകങ്ങൾക്കും സാംസ്ക്കാരിക സ്ഥാപനങ്ങൾക്കും ധനസഹായം നൽകുന്നത് സംബന്ധിച്ച് പഠിച്ച് ശുപാർശ ചെയ്യാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട്</u>**

322. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:

ശ്രീ. പി.കെ. അബ്ദുറബ്ബ്:

ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. സി.ടി. അഹമ്മദ് അലി:
ശ്രീ. പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ സാംസ്ക്കാരിക വകുപ്പിന്റെ കീഴിൽ നേരിട്ടും സ്വതന്ത്രമായും പ്രവർത്തിക്കുന്ന സ്മാരകങ്ങൾക്കും സാംസ്ക്കാരിക സ്ഥാപനങ്ങൾക്കും സർക്കാർ ധനസഹായം നൽകുന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യാൻ അഞ്ചുവർഷം മുൻപ് നിയമിച്ച കടമ്മനിട്ട കമ്മിറ്റിയുടെ റിപ്പോർട്ടിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിലേക്കും സാംസ്ക്കാരിക സ്ഥാപനങ്ങളും സ്മാരകങ്ങളും വേണ്ടരീതിയിൽ സംരക്ഷിച്ചു നിലനിർത്തുന്നതിനും ആവശ്യമായ ശുപാർശകൾ സമർപ്പിക്കാൻ ഒരു പുതിയ കമ്മീഷനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി):-**

(എ)യും (ബി)യും

അപാകതകൾ ഉണ്ടണ്ടെന്ന ചില പരാതികൾ ലഭിച്ചതിനെ തുടർന്ന് ശ്രീ. കൊട്ടറ ഗോപാലകൃഷ്ണൻ ചെയർമാനും, ശ്രീ. എം.ജി. ശശിഭൂഷൺ മെംപർ സെക്രട്ടറിയായും, ശ്രീ. ചവറ അപ്പുക്കുട്ടൻപിള്ള, ശ്രീ. നടുവട്ടം സത്യശീലൻ എന്നിവർ അംഗങ്ങളുമായി പുതിയ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

## <u>ഭൂനികുതി നിരക്കുകളെ സംബന്ധിച്ച പഠനം</u>

323. ശ്രീമതി. ഗിരിജാ സുരേന്ദ്രൻ:
ഡോക്ടർ തോമസ് ഐസക്:
ശ്രീ. മത്തായി ചാക്കോ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭൂനികുതി നിരക്കുകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് സംസ്ഥാന ഫൈനാൻസ് കമ്മീഷൻ എന്തെങ്കിലും ശുപാർശ സർക്കാരിന് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഫൈനാൻസ് കമ്മീഷൻ നൽകിയ ശുപാർശകൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രമാണത്തിൽ യാഥാർത്ഥവില കുറച്ചു കാണിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ജി) എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

**ശ്രീ. കെ. ശങ്കരനാരായണൻ(ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) ഗവൺമെന്റ് പ്രത്യേകം പഠനം നടത്തിയിട്ടില്ല.

(ബി)ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) 29.7.1998 ലെ 5811/ലെജ്.എ2/98/നിയമം നംപർ ഉത്തരവ് പ്രകാരം ഭൂനികുതി നിരക്ക് പരിഷ്കരിച്ചു. ഭൂനികുതിയുടെ ഒരു ഭാഗം ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നതിനു വേണ്ടി 1999ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി)ആക്ട് പ്രകാരം 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 202-ാം വകുപ്പിന് (3),(4) എന്നീ ഉപവകുപ്പുകൾ കൂടി ചേർക്കുകയുണ്ടായി.

(ഇ) ധനകാര്യ കമ്മീഷൻ താഴെ പറയുന്ന ശുപാർശകൾ നൽകിയിട്ടുണ്ട്.

1) ഭൂനികുതി ഇരട്ടിയാക്കാവുന്നതാണ്.

2) ഭൂനികുതിയിൽ നിന്നുള്ള അധിക വരുമാനത്തിന്റെ 60% ബ്ലോക്ക് പഞ്ചായത്ത്കൾക്കും ശേഷിച്ച ഭാഗം ജില്ലാ പഞ്ചായത്തുകൾക്കും നൽകാവുന്നതാണ്. അധിക നികുതി ചുമത്തുന്നത് ഐച്ഛികാടിസ്ഥാനത്തിലാകാവുന്നതും ഒരു പ്രമേയം

മുഖേന ഇതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ജില്ലാ പഞ്ചായത്തിനെ ചുമതലപ്പെടുത്താവുന്നതുമാണ്.

3) വസ്തുവിന്റെ വലിപ്പം എന്തുതന്നെയെയായലും കുറഞ്ഞ വാർഷിക ഭൂനികുതി പഞ്ചായത്തുകളിൽ 5/- രൂപയും മുൻസിപ്പാലിറ്റികളിൽ 7 രൂപ 50 പൈസയും കോർപ്പറേഷനുകളിൽ 10 രൂപയുമായി നിശ്ചയിക്കാവുന്നതാണ്.

(എഫ്)ഉം (ജി)യും

പ്രമാണത്തിൽ യഥാർത്ഥ വില കുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങളെ സംബന്ധിച്ചുള്ള കേസുകൾ തീർപ്പാക്കുന്നതിന് ഒരു വർഷത്തേയ്ക്ക് ഒരു കോംപൗണ്ടിംഗ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നടപടകൾ പുരോഗമിച്ചു വരുന്നു.

## കാർഷികോൽപ്പന്നങ്ങളെ പർച്ചേസ് ടാക്സിൽനിന്ന് ഒഴിവാക്കാൻ നടപടി

324. ശ്രീ. കെ.സി. വേണുഗോപാൽ:
ശ്രീമതി. ശോഭനാ ജോർജ്:
ശ്രീ. എഴുകോൺ നാരായണൻ:
ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഏതെല്ലാം കാർഷികോൽപ്പന്നങ്ങൾക്കാണ് പർച്ചേസ് ടാക്സ് ചുമത്തിയിട്ടുള്ളത്;

(ബി) ഇവയുടെ വിലത്തകർച്ചയും അയൽ സംസ്ഥാനങ്ങളിൽ ഇവയ്ക്ക് ഇത്തരം നികുതി ചുമത്തിയിട്ടില്ല എന്നതും പരിഗണിച്ച് ഈ ഉൽപ്പന്നങ്ങളെ പർച്ചേസ് ടാക്സിൽനിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) അടയ്ക്ക, ഏലം, കശുവണ്ടി, കൊക്കോ, കോഫി, ഇഞ്ചി, കുരുമുളക്, റബ്ബർ, കരിംപ്, നാളീകേരവും കരിക്കും, ഗ്രാംപൂ, ജാതിക്ക, പട്ട, എന്നിവയ്ക്കാണ് പർച്ചേസ് ടാക്സ് ചുമത്തിയിട്ടുള്ളത്.

(ബി) കർഷകരിൽ നിന്നും നികുതി ഈടാക്കുന്നില്ല. സംസ്ഥാനത്തിനകത്ത് അവസാനം വാങ്ങുന്ന ആളിൽ നിന്നാണ് നികുതി ഈടാക്കുന്നത്. നികുതി ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഇഞ്ചിയുടെ പർച്ചേസ് ടാക്സ് പിൻവലിക്കാൻ നടപടി

325. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇഞ്ചി വിൽക്കുമ്പോൾ ഏതെങ്കിലും പോയിന്റിൽ ഇപ്പോൾ പർച്ചേസ് ടാക്സ് ഈടാക്കിവരുന്നുണ്ടോ;

(ബി) എങ്കിൽ ഏതു പോയിന്റിൽ എന്നും എത്ര ശതമാനമെന്നും വ്യക്തമാക്കാമോ;

(സി) ഏതു തീയതി മുതലാണ് പുതുക്കിയ നികുതി പ്രാബല്യത്തിൽ വന്നിട്ടുള്ളത്;

(ഡി) കേരളത്തിൽ ഇഞ്ചിക്ക് പർച്ചേസ് ടാക്സ് ഈടാക്കുന്നതുകൊണ്ട് കേരളത്തിൽ ഇഞ്ചി ഉൽപ്പാദനം കുറഞ്ഞതായും കർണ്ണാടക സംസ്ഥാനത്ത് നികുതിയില്ലാത്തതുകൊണ്ട് കൃഷിക്കാർ അവിടെപ്പോയി കൃഷി ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കഴിഞ്ഞ സാമ്പത്തികവർഷം ഇഞ്ചിയുടെ പർച്ചേസ് ടാക്സ് ഇനത്തിൽ എത്രരൂപയാണ് ഗവൺമെന്റിന് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(എഫ്) വിലത്തകർച്ചമൂലം ദുരിതമനുഭവിക്കുന്ന കർഷകരെ രക്ഷിക്കുന്നതിന് ഇഞ്ചിയുടെ പർച്ചേസ് ടാക്സ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) അവസാന വാങ്ങൽ ഘട്ടത്തിൽ 4%

(സി) 1.4.94 മുതൽ

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഇ) കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. ജില്ലാ ഡപ്യൂട്ടി കമ്മിഷണർമാരിൽ നിന്നും ശേഖരിക്കേണ്ടതുണ്ട്

(എഫ്) കർഷകർ നികുതി നൽകാൻ ബാദ്ധ്യസ്ഥരല്ല. അവസാനഘട്ടത്തിൽ വാങ്ങുന്നവർ ആണ് നികുതി നൽകേണ്ടത്. അതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## <u>പ്രവേശന നികുതി നൽകാതെ സാധനങ്ങൾ കടത്തിക്കൊണ്ടു വരുന്നതു തടയാൻ നടപടി</u>

326. ശ്രീ. സാജുപോൾ:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. എ.കെ. ബാലൻ:
ശ്രീ. വി.കെ.സി. മമ്മതുകോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലപിടിപ്പുള്ള സാധനങ്ങൾ സംസ്ഥാനതതിനകത്തേക്ക് നികുതി നൽകാതെ കടത്തിക്കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരച്ചിട്ടുള്ളതെന്നു പറയാമോ;

(സി) 1999–ലെ കേരള ടാക്സ് ഓൺ എൻട്രി ഇൻടു ലോക്കൽ ഏരിയാസ് ആക്ടിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ആക്ട് അനുസരിച്ച് ഏതെല്ലാം സാധനങ്ങൾക്കാണ് പ്രവേശനനികുതി ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ ലക്ഷ്യം മുൻനിർത്തി 1994–ലെ കേരളാ ടാക്സസ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇന്റു ലോക്കൽ ഏരിയാസ് ആക്ട് പ്രാബല്യത്തിൽ വന്നു. പ്രസ്തുത ആക്ടനുസരിച്ച് ഇപ്പോൾ 33 സാധനങ്ങൾക്കാണ് പ്രവേശനനികുതി ചുമത്തിയിട്ടുള്ളത്. രേഖകളില്ലാതെ കൊണ്ടുവരുന്ന ടി ലിസ്റ്റിലുള്ള സാധനങ്ങൾക്ക് ഇരട്ടി ടാക്സ് ഈടാക്കിവരുന്നു. വാഹനങ്ങളുടെ ചെക്കിംഗ് വഴിയും ഇരട്ടി ടാക്സ് പെനാൽറ്റിയായി ഈടാക്കുന്നുണ്ട്.

(സി) കേരളാ പ്രവേശന നികുതി നിയമത്തിൽ ഭേദഗതികൾ ഉൾപ്പെടുത്താൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പ്രവേശനനികുതി ചുമത്തിയിട്ടുള്ള 33 ഇനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## <u>കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും</u>

327. ശ്രീ. വി.കെ. ചന്ദ്രൻ:
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ:
ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് കാർഷിക സർവ്വകലാശാല എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയുമാണ് കുറഞ്ഞുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) കാർഷികവിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന കൃഷിവകുപ്പ് വിവിധ പദ്ധതികൾ മുഖേന താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു.

1 വിത്ത്, നടീൽവസ്തുക്കൾ, വളം, കീടനാശിനി തുടങ്ങിയ ഉൽപ്പാദനോപാധിയുടെ വിതരണം.
2 കൃഷിയിടങ്ങളിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള സഹായം
3 ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കിണർ കുഴിക്കുന്നതിനും പമ്പുസെറ്റു സ്ഥാപിക്കുന്നതിനും സഹായം
4 സസ്യസംരക്ഷണ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കൽ
5 കാർഷിക യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാക്ടർ ട്രില്ലറുകൾ മെതിയന്ത്രം മറ്റു കാർഷിക ഉപകരണങ്ങൾ എന്നിവയ്ക്കുള്ള സഹായം
6 സൗജന്യ വൈദ്യുതി
7 വിള ഇൻഷ്വറൻസ് സഹായം
8 കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില നൽകി സംഭരണം
9 ബയോഗ്യാസ് പ്ളാന്റുകൾ നിർമ്മിക്കുന്നതിനുള്ള സഹായം
10 ശാസ്ത്രീയമായ കൃഷിരീതികളിൽ കർഷകരെ ബോധവാന്മാരാക്കുന്നതിനുള്ള പരിശീലനം
11 മണ്ണു പരിശോധന സൗകര്യങ്ങൾ

വിവിധ പദ്ധതികൾക്കായി 2002-2003 വർഷത്തെ ബജറ്റിൽ 103.77 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ കേരളത്തിലെ പ്രധാനപ്പെട്ട വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഗവേഷണ പ്രവർത്തനങ്ങളിൽ കാർഷിക സർവ്വകലാശാല ഏർപ്പെടുത്തിയിരിക്കുകയാണ്. ഇവയിലൂടെ മേൽത്തരം വിത്തിനങ്ങൾ ഉരുത്തിരിച്ചെടുക്കുകയും അവയ്ക്കുവേണ്ട പരിപാലന രീതികൾ വികസിപ്പിക്കുകയും അവ യഥാസമയം കർഷകരിലെത്തിക്കുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിനും പുറമെ കൃഷിരംഗം ഇന്നഭിമുഖീകരിക്കുന്ന ലോ പ്രൊഡക്റ്റിവിറ്റി കീടബാധ എന്നിവ നേരിട്ടു കേര കൃഷിരംഗം അഭിവൃദ്ധിപ്പെടുത്താൻ - ശുപാർശകൾ സമർപ്പിക്കാൻ ഡോക്ടർ ചോപ്രയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നെല്ല്, തെങ്ങ്, കവുങ്ങ്, ഇഞ്ചി എന്നിവയുടെ ഉൽപ്പാദനം കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. കമുങ്ങിന്റെ ഉൽപ്പാദനക്ഷമത കുറഞ്ഞുകൊണ്ടിരിക്കുന്നു.

## <u>വനനശീകരണവും വനേതര പ്രവർത്തനങ്ങളും തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ</u>

328. ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ. ടി.കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല വനപ്രദേശങ്ങളിലും വനനശീകരണവും വനേതരപ്രവർത്തനങ്ങളും നടന്നുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വനനശീകരണവും വനേതര പ്രവർത്തനങ്ങളും തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള സംവിധാനങ്ങൾ വനനശീകരണവും വനേതരപ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിന് പര്യാപ്തമല്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) വനാതിർത്തി സ്ഥിരം ജണ്ടകളും കയ്യാലകളും നിർമ്മിച്ച് അതിരുകൾ സംരക്ഷിച്ച് വനപ്രദേശങ്ങളിൽ റോന്തുചുറ്റിയും വനസംരക്ഷണ ജീവനക്കാർ നിതാന്തജാഗ്രത പുലർത്തുന്നു. വനാതിർത്തി പരിശോധനകൾ കാര്യക്ഷമമാക്കി ഉണ്ടാകുന്ന കയ്യേറ്റങ്ങൾ അപ്പോഴപ്പോൾത്തന്നെ ഒഴിപ്പിക്കുന്നുണ്ട്.

വനനശീകരണത്തിനെതിരെ ബോധവൽക്കരണം നടത്തി ജനപങ്കാളിത്തത്തോടെ സംരക്ഷണം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കിവരുന്നു. കൂടുതൽ ഫോറസ്റ്റു സ്റ്റേഷനുകൾ സ്ഥാപിക്കുകയും സംരക്ഷണവിഭാഗം ജീവനക്കാർക്ക് സംരക്ഷണത്തിന് ആവശ്യമായ ആയുധങ്ങളും വാർത്താവിനിമയ സൗകര്യങ്ങൾ മുതലായവ ലഭ്യമാക്കി സജ്ജമാക്കിയിട്ടുണ്ട്. കാര്യക്ഷമത കൂടുതൽ ഉറപ്പുവരുത്തുന്നതിനായി ദ്രുതകർമ്മസേനയുടെ രണ്ടു യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

സി) ഉണ്ട്. നിയമങ്ങളിൽ വേണ്ട ഭേദഗതി വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ സംരക്ഷണ ജീവനക്കാരെ നിയോഗിക്കുന്നതിനും അവർക്ക് ആധുനിക ആയുധങ്ങൾ, വാർത്താവിനിമയ സൗകര്യങ്ങൾ എന്നിവ നൽകി കൂടുതൽ സജ്ജമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## മിൽമ വിതരണം ചെയ്യുന്ന പാൽ

329. ശ്രീ. ടി.യു. രാധാകൃഷ്ണൻ:
ശ്രീ. എഴുകോൺ നാരായണൻ:
ശ്രീ. എം. മുരളി:
ശ്രീ. പി.ജെ. ജോയി:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സഹകരണസംഘങ്ങൾ എന്തു വിലയ്ക്കാണ് പാൽ എടുക്കുന്നത്; സംഘങ്ങളിൽ നിന്നും എന്തു വിലയ്ക്കാണ് മിൽമ പാൽ സംഭരിക്കുന്നത്; ഇപ്പോൾ ഡബിൾ പ്രൈസിംഗ് സമ്പ്രദായം നിലവിൽ ഉണ്ടോ;

(ബി) മിൽമ സംഭരിക്കുന്ന പാലിൽ നിന്നും എത്രശതമാനം ക്രീം എടുക്കുന്നു; മിൽമ എന്തു വിലയ്ക്കാണ് പാൽ വിൽക്കുന്നത്;

(സി) മിൽമ സപ്ളൈ ചെയ്യുന്ന പാലിൽ ഇപ്പോൾ പാൽപ്പൊടി ചേർക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രശതമാനം എന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) മിൽമയുടെ കീഴിലുള്ള തിരുവനന്തപുരം മേഖലാ യൂണിയൻ സംഘങ്ങൾക്ക് 10 രൂപ 78 പൈസയും സംഘങ്ങൾ ക്ഷീരകർഷകർക്ക് 10 രൂപ 24 പൈ,സയും എറണാകുളം, മലബാർ, മേഖലാ യൂണിയനുകൾ സംഘങ്ങൾക്ക് 10 രൂപ 28 പൈസയും സംഘങ്ങൾ ക്ഷീരകർഷകർക്ക് 9 രൂപ 74 പൈസയുമാണ് പാൽവിലയായി നൽകിവരുന്നത്. ഇപ്പോൾ ഡബിൾ പ്രൈസിംഗ് സമ്പ്രദായം നിലവിലുണ്ട്.

(ബി) മിൽമ സംഭരിക്കുന്ന പാലിൽ സിംഗിൾ ടോൺഡ് മിൽക്കിൽനിന്നും 1.1 ശതമാനവും ഡബിൾടോൺഡ് മിൽക്കിൽ നിന്നും 2.6 ശതമാനവും ക്രീം വേർതിരിക്കുന്നുണ്ട്. മിൽമ ഇപ്പോൾ സ്റ്റാൻഡേർഡൈസ്ഡ് പാൽ ലിറ്ററിന് 15 രൂപയ്ക്കും ടോൺഡ് മിൽക്ക് ലിറ്ററിന് 13 രൂപയ്ക്കും ആണ് വിൽക്കുന്നത്.

(സി) ഉണ്ട്. 8.5 ശതമാനം കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ ലഭിക്കുന്നതിനാവശ്യമായ പാൽപ്പൊടിയാണ് ചേർക്കുന്നത്.

## മുൻഗണനാ മേഖലകളിലേക്ക് ധനകാര്യസ്ഥാപനങ്ങളിൽനിന്ന് സാമ്പത്തികസഹായം ലഭ്യമാക്കാൻ നടപടി

330. ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻഗണനാമേഖലകളിലേക്ക് ബാങ്ക് ഉൾപ്പെടെ ഉള്ള ധനകാര്യസ്ഥാപനങ്ങളിൽനിന്ന് സമ്പത്തികസഹായം ലഭിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുതകുന്ന നയപരിപാടികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) &(സി) ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സംസ്ഥാനത്തെ മുൻഗണനാമേഖലകളിലേക്ക് സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണബോർഡ് ഇതിനകംതന്നെ കേരളത്തിലെ ബാങ്കുകളുടെ വായ്പാ നിക്ഷേപാനുപാതം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ റിസർവ്വ് ബാങ്കിനോടും കേന്ദ്രഗവൺമെന്റിനോടും അഭ്യർത്ഥിച്ചിരുന്നു. പത്താം പദ്ധതിക്കാലത്ത് ധനകാര്യ സ്ഥാപനങ്ങളുടെ വികസനരംഗത്തുള്ള ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതുവഴി കേരളത്തിന്റെ വികസനപദ്ധതികൾക്ക് കൂടുതൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനും വേണ്ടി 2001 ജൂലൈമാസത്തിൽ കൂടിയ ബാങ്കുകളുടെ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം സംസ്ഥാന ആസൂത്രണബോർഡ് വിവിധ ബാങ്ക് മേധാവികളുടെയും മറ്റ് വിദഗ്ദ്ധന്മാരുടേയും ഒരു യോഗം വിളിച്ച് ചേർത്തിരുന്നു. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പത്താം പദ്ധതിയിൽ ഉൾപ്പെടുത്താനായി പ്രോജക്ടുകൾക്ക് രൂപം നൽകുമ്പോൾ ബാങ്ക് വായ്പ ഉൾപ്പെടെയുള്ള സാമ്പത്തികസഹായം ലഭ്യമാക്കാനുതകുമാറുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് പത്താം പദ്ധതി രൂപീകരണത്തിനുവേണ്ടി പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തെ ഒരു നിക്ഷേപസംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ തൊഴിൽനിയമ ഭേദഗതി, ഗ്ളോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് എന്നിവ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് ഒരു നിക്ഷേപാനുകൂല സാഹചര്യം സംജാതമായി കഴിഞ്ഞാൽ ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കിക്കൊണ്ട് മുൻഗണനാമേഖലകളിൽ നിക്ഷേപം നടത്തുവാൻ കൂടുതൽ സംരംഭകർ മുന്നോട്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു.

**ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

331. ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാതലത്തിലുള്ള ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ ഹർജികൾ നിയമാനുസൃതമായ കാലാവധിക്കുള്ളിൽ തീർപ്പു കൽപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഹർജികളിൽ തീർപ്പു കൽപ്പിക്കാൻ ഉണ്ടാകുന്ന കാലതാമസം കൊണ്ട് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ ഫോറങ്ങളിൽ ജില്ലാജഡ്ജിമാർ, ജില്ലാജഡ്ജിമാരാകാൻ യോഗ്യതയുള്ളവർ എന്നിവർ പ്രസിഡന്റ് പദവിയിലുണ്ടെന്ന വിവരം ഇനംതിരിച്ചു ലഭ്യമാക്കുമോ;

(ഡി ജില്ലാ ഫോറങ്ങളിലെ പ്രസിഡന്റ് സ്ഥാനത്തേക്ക് ജില്ലാ ജഡ്ജിമാരാകാൻ യോഗ്യതയുള്ള അഭിഭാഷകരെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നിബന്ധനകൾ വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവു സിവിൽസപ്ളൈസും വകുപ്പുമന്ത്രി):-**

(എ) ഉപഭോക്തൃതർക്ക പരിഹാരഫോറങ്ങളിലെ ഹർജികൾ നിയമാനുസൃതമായ കാലാവധിക്കുള്ളിൽതന്നെ തീർപ്പു കൽപ്പിക്കുവാനുള്ള നിർദ്ദേശം എല്ലാ ജില്ലാഫാറങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ ജില്ലാ പ്രസിഡന്റുമാരുടെയും മെമ്പർമാരുടേയും യോഗങ്ങൾ വിളിച്ചുകൂട്ടി ഹർജികൾ തീർപ്പാക്കുന്നതിന്റെ പുരോഗതി വിലയിരുത്താറുമുണ്ട്. സംസ്ഥാന കമ്മിഷൻ തലത്തിലും സർക്കാരിന്റെ മേൽനോട്ടത്തിലും ഇത്തരം യോഗങ്ങൾ ചേർന്നുവരുന്നു.

(ബി) കഴിവതും നേരത്തെ ഹർജികൾ തീർപ്പാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെങ്കിലും ഹർജികൾ കൂടുതൽ തീർപ്പാക്കാൻ ബാക്കിവരുന്നതും കൂടുതൽ ഹർജികൾ ഫയൽ ചെയ്യപ്പെടുന്നതുമായ ജില്ലകളിൽ കാലതാമസം വരുന്നുണ്ട്. ഇത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ ഫാറങ്ങളിലെയും പ്രസിഡന്റുമാർ ഇതിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ പെടുന്നവരാണ്. ജില്ലാ ജഡ്ജിമാർ,പെൻഷനായ

ജില്ലാജഡ്ജിമാർ, ജില്ലാ ജഡ്ജിമാരാകാൻ യോഗ്യതയുള്ളവർ, എന്നിവർ പ്രസിഡന്റു പദവിയിലുള്ള ജില്ലാ ഫോറങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ജില്ലാ ജഡ്ജിമാർ | പെൻഷനായ ജില്ലാജഡ്ജിമാർ | ജില്ലാജഡ്ജിമാരാകാൻ യോഗ്യതയുള്ളവർ |
|---|---|---|
| വയനാട് | തിരുവനന്തപുരം | ആലപ്പുഴ |
| ഇടുക്കി | കൊല്ലം | പാലക്കാട് |
| | കോട്ടയം<br>മലപ്പുറം<br>കാസർഗോഡ് | |

പത്തനംതിട്ട, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഈയിടെ ഒഴിവുവന്ന പ്രസിഡന്റ് തസ്തികകളിൽ ജില്ലാ ജഡ്ജിമാരെ നിയമനത്തിന് പരിഗണിച്ചിട്ടുണ്ട്.

(ഡി)യും (ഇ)യും: ജില്ലാഫോറങ്ങളിലെ പ്രസിഡന്റ് സ്ഥാനത്തേക്ക് ജില്ലാജഡ്ജിമാരാകാൻ യോഗ്യതയുള്ള അഭിഭാഷകരെ ഇപ്പോൾത്തന്നെ സർക്കാർ നിയമിച്ചുവരുന്നുണ്ട്. ഏഴ് വർഷത്തിൽ കുറയാത്ത ബാർ സർവ്വീസുള്ളവരെയാണ് ഇതിനായി പരിഗണിച്ചുവരുന്നത്. ആലപ്പുഴ, പാലക്കാട് ജില്ലകളിൽ പ്രസിഡന്റുമാർ ഇത്തരത്തിൽ നിയമിക്കപ്പെട്ടവരാണ്.

*******